| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനാലാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3809 | 20.07.2015-ൽ മറുപടിക്ക് |

**<u>നെട്ടങ്കോലം ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്. ജയലാൽ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെട്ടങ്കോലം ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. 2015-16 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ പ്രസ്തുത നിവേദനം കൂടി ഉൾപ്പെടുത്തി ശുപാർശ സമർപ്പിക്കുന്നതിനായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പിന്റെ 19.05.2015-ലെ 35544/എസ്.സി3/14 നമ്പർ കത്തിൽ അറിയിച്ചു പ്രകാരം ഈ ആവശ്യത്തിലേക്ക് തുക അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 2015-16-ലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കെട്ടിട നിർമ്മാണത്തിനുള്ള പരിഗണന പട്ടികയിൽ നെട്ടങ്ങോലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | 2015-16 സാമ്പത്തിക വർഷത്തിൽ ഹയർ സെക്കന്ററി സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് വിവിധ പദ്ധതികൾ പ്രകാരം എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ള-തെന്ന് വ്യക്തമാക്കുമോ; | (സി) | 2015-16-ലെ സംസ്ഥാന ബഡ്ജറ്റിൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോ ? | (ഡി) | പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ